(സി) പുതുതായി 11 മത്സ്യബന്ധന തുറമുഖങ്ങൾ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നു. അവയുടെ വിശദവിവരം താഴെ ചേർക്കുന്നു.

നിർമ്മിക്കാനുദ്ദേശിക്കുന്ന മത്സ്യബന്ധന തുറമുഖങ്ങൾ	ഉദ്ദേശ അടങ്കൽ തുക
മഞ്ചേശ്വരം, വെള്ളയിൽ പരപ്പനങ്ങാടി, താനൂർ അർത്തുങ്കൽ, (2-ാം ഘട്ടം) ചിലക്കൂർ, വലിയതുറ, പുന്നപ്ര സൗത്ത്പരവൂർ, പുതിയങ്ങാടി.	ഇവയുടെ അന്വേഷണ ഗവേഷണ പഠനം, മാതൃകാപഠനം, പരിസ്ഥിതി പഠനം എന്നിവ നടന്നുവരികയാണ്. അതിനുശേഷം വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയശേഷമേ അടങ്കൽ തുക അറിയാൻ കഴിയൂ.

ഹാർബർ ഡിപ്പാർട്ട്മെന്റും ഫിഷറീസ് വകുപ്പും നടപ്പാക്കിയ ക്ഷേമപ്രവർത്തനങ്ങൾ

169 (6087) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അരൂർ മണ്ഡലത്തിൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന ശേഷം ഹാർബർ ഡിപ്പാർട്ട്മെന്റും ഫിഷറീസ് വകുപ്പും നടപ്പാക്കിയ ക്ഷേമ പ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് വർഷം തിരിച്ച് വിശദമാക്കുമോ ;

(ബി) ഏതൊക്കെ നിർമ്മാണപ്രവൃത്തികളും റോഡ് നിർമ്മാണ പുനരുദ്ധാരണ പ്രവൃത്തികളും നടന്നുവെന്നും ഓരോന്നിനും എത്രമാത്രം പണം ചെലവഴിച്ചുവെന്നും വർഷം തിരിച്ച് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഫിഷറീസ് വകുപ്പ് മുഖേന അരൂർ നിയോജക മണ്ഡലത്തിൽ താഴെപ്പറയുന്ന ക്ഷേമപ്രവർത്തനങ്ങൾ നടപ്പാക്കിയിട്ടുണ്ട്.

വർഷം	പദ്ധതി	ചെലവഴിച്ചതുക
2006-07	ദേശീയ മത്സ്യത്തൊഴിലാളി ഭവന നിർമ്മാണ പദ്ധതി	17,60,000
2006-07	സമ്പാദ്യ സമാശ്വാസ പദ്ധതി	12,37,350
2007-08	മത്സ്യത്തൊഴിലാളി വനിതകളുടെ ഗ്രൂപ്പുകൾക്ക് സാമ്പത്തിക ശാക്തീകരണത്തിന് ധനസഹായം	1,40,000
2007-08	സുനാമി അടിയന്തിര സഹായ പദ്ധതി	6,25,116
2007-08	ഐ.ടി. കിയോസ്ക്കുകൾ	5,94,112
2007-08	ദേശീയ മത്സ്യത്തൊഴിലാളി ഭവന നിർമ്മാണ പദ്ധതി	13,20,000

LIBRARY ARCHIVES Kerala Legislative Assembly

2007-08	സമ്പാദ്യ സമാശ്വാസ പദ്ധതി	9,59,550
2008-09	മത്സ്യകേരളം പദ്ധതി	5,74,270
2008-09	സുനാമി പുനരധിവാസ പദ്ധതി	8,12,138
2008-09	ദേശീയ മത്സ്യത്തൊഴിലാളി ഭവന നിർമ്മാണ പദ്ധതി	3,20,000
2008-09	സമ്പാദ്യ സമാശ്വാസ പദ്ധതി	13,23,075
2009-10	മത്സ്യകേരളം പദ്ധതി	15,75,184
2009-10	പ്രധാനമന്ത്രിയുടെ ദേശീയ ദുരിതാശ്വാസനിധി	11,11,339
2009-10	ഭവനനിർമ്മാണ പദ്ധതി	6,00,000

കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേനയുള്ള ക്ഷേമപദ്ധതികൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. (അനുബന്ധം I) *

അരൂർ മണ്ഡലത്തിൽ ഈ സർക്കാർ വന്നശേഷം, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് നടത്തിയ വികസന പ്രവൃത്തികളുടെ വർഷം തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. (അനുബന്ധം II)*

(ബി) ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന അരൂർ നിയോജക മണ്ഡലത്തിൽ നടത്തിയ നിർമ്മാണ പ്രവൃത്തികളുടേയും റോഡ് നിർമ്മാണ പുനരുദ്ധാരണ പ്രവൃത്തികളുടേയും വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. (അനുബന്ധം-III)*

പൊന്നാനി മരക്കാർ ഫിഷ്‌ലാന്റിംഗ് സെന്റർ

170 (6088) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ പൊന്നാനി-മരക്കാർ ഫിഷ്‌ലാന്റിംഗ് സെന്ററിന്റെ സാധ്യതാ പഠന റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് ലഭിച്ചത്;

(ബി) പ്രസ്തുത സെന്ററിന്റെ പണി എന്ന് ആരംഭിക്കും;

(സി) ഇതിനായി എന്ത് തുക ബഡ്ജറ്റിൽ വക കൊള്ളിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly